"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്-'നാപ്കിൻ ഡിസ്പോസൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ' എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.527/2022/LSGD തീയതി,തിരുവനന്തപുരം, 05-03-2022

പരാമർശം:- 1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022-ലെ കത്ത്

2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.20-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മമ്പാട് ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ , മമ്പാട് എം.ഇ.എസ് ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ നാപ്കിൻ ഡിസ്പോസൽ ഇൻസിനറേറ്റർ സ്ഥാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മമ്പാട് എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂൾ എയ്ഡഡ് സ്കൂളാണ്. ഈ സ്കൂളിൽ കൂടി ഇൻസിനേറ്റർ സ്ഥാപിക്കാൻ അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ കോഓർഡിനേഷൻ സമിതി യോഗം പരിശോധിക്കുകയും കുട്ടികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുമെന്നതിനാൽ നിബന്ധനകളോടെ അനുമതി നൽകാൻ പരാമർശം ( 2 ) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും ഹൈസ്കൂളുകളിലും നാപ്കിൻ ഡിസ്പോസൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിനു ശേഷമേ എയ്ഡഡ് സ്കൂളുകളെ പരിഗണിക്കാവൂ എന്ന വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള നാപ്കിൻ ഡിസ്പോസൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പ്രോജക്ടിന് കീഴിൽ മമ്പാട് എം.ഇ.എസ് ഹയർസെക്കണ്ടറി സ്കൂളിനെ ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

3. ഇൻസിനേറ്ററിന്റെ വില സംബന്ധിച്ച് ശുചിത്വമിഷന്റെ നിരക്ക് പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 05-03-2022 16:59:42
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്